# നീര ടാപ്പിങ്: കൂടുതൽ ലൈസൻസ് ഉടനെന്ന് കെ. ബാബു

**കൊച്ചി:** എറണാകുളം ഉൾപ്പെടെ 173 ഫെഡറേഷനുകൾക്ക് ഉടൻ നിര ചെത്താനുള്ള ലൈസൻസ് കൊടുക്കുമെന്ന് എക്സൈസ് മന്ത്രി കെ. ബാബു.

തിരുകൊച്ചി കമ്പനിയുടെ പ്രീമിയം ബ്രാൻഡ് നീരയുടെ ലോഞ്ചിങ് നാളികേര വികസന ബോർഡ് കൊച്ചി ആസ്ഥാനത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം.

കേര കർഷക കൂട്ടായ്മകളുടെ താത്പര്യങ്ങൾക്കനുസരിച്ച് ലൈസൻസ് നൽകാനുള്ള തീരുമാനം ഉടനുണ്ടാകും.

വിദേശത്ത് നിന്ന് കൊണ്ടുവരുന്ന വിലയേറിയ ബൗണ്ടി ചോക്ലേറ്റുകളെക്കാൾ രുചികരമാണ് നീര ഷുഗർ ചേർത്തുണ്ടാക്കുന്ന ചോക്ലേറ്റുകൾ.

നീരയുടെ മൂല്യവർധിത ഉത്പന്നങ്ങൾ കയറ്റുമതി ചെയ്യാനുള്ള സാധ്യതകൾ കൂടുതലാണെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

കേര കർഷകർക്കുള്ള പുതുവത്സര സമ്മാനമാണ് നീര ചെത്താനുള്ള കൂടുതൽ ലൈസൻസുകൾ ലഭ്യമാക്കുമെന്ന പ്രഖ്യാപനമെന്ന് ബോർഡ് ചെയർമാൻ ടി.കെ. ജോസ് പറഞ്ഞു. കമ്പനികൾ സമർപ്പിച്ച പ്രോജക്ടുകൾ അനുസരിച്ച് 40 ശതമാനം കുപ്പിയിലാക്കിയ നീരയായും ബാക്കി മൂല്യവർധിത ഉത്പന്നങ്ങളായും മാറ്റാനാണ് ലക്ഷ്യമിടുന്നത്.

എറണാകുളം ജില്ലയിലെ നാളികേര ഉത്പാദക സൊസൈറ്റികളുടെ നേതൃത്വത്തിൽ രൂപം കൊടുത്തിട്ടുള്ള തിരുകൊച്ചി നാളികേര ഉത്പാദക കമ്പനിയുടെ നീര ശർക്കര കേക്കിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള ലോഞ്ചിങ് മേയർ ടോണി ചമ്മണി നിർവഹിച്ചു.

തിരുകൊച്ചി നാളികേര ഉത്പാദക കമ്പനി ചെയർമാൻ ജോസഫ് ബാബു അധ്യക്ഷത വഹിച്ചു. മൂന്ന് മാസത്തിനുള്ളിൽ കമ്പനിയുടെ പ്ലാന്റ്തുറക്കുമെന്ന് അദ്ദേഹം അറിയിച്ചു.

ഏലിയാസ് കെ. തര്യൻ സ്വാഗതവും തിരുകൊച്ചി കമ്പനി സി.ഇ.ഒ ബിജു ജോൺ നന്ദിയും പറഞ്ഞു.